## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 5611

02.11.2016 ൽ മറുപടിയ്ക്ക്

### മംഗലം ഡാം വിനോദ സഞ്ചാര പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ഡി. പ്രസേനൻ : | ശ്രീ.എ.സി.മൊയ്തീൻ<br>[സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി] |
| [എ] മംഗലം ഡാം വിനോദ സഞ്ചാര പദ്ധതി നവീകരണ പ്രവർത്തനങ്ങൾ ഭാഗികമായി മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | [എ] മംഗലം ഡാം പ്രദേശം ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള മേഖലയിലാണ്. മംഗലം ഡാം ടൂറിസം പദ്ധതിയ്ക്ക് കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ ധനസഹായത്തോടെ 2007-08 സാമ്പത്തിക വർഷം അനുവദിച്ച് കിട്ടിയ 3,72,19,000/- (മൂന്ന് കോടി എഴുപത്തിരണ്ട് ലക്ഷത്തി പത്തൊൻപതിനായിരം രൂപ മാത്രം) രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ച് സഞ്ചാരികൾക്കായി തുറന്ന് നൽകിയിട്ടുണ്ട്. |
| (ബി) കാടുപിടിച്ച് വൃത്തിഹീനമായി കിടക്കുന്ന പ്രസ്തുത പദ്ധതിയുടെ പരിചരണത്തിന്റെ പേരിൽ താൽക്കാലികമായി നിയമിക്കപ്പെട്ട വാച്ചർമാരുടെ എണ്ണം എത്ര; ഇവരുടെ നിയമനം നടത്തിയത് ആരാണ് എന്ന് വ്യക്തമാക്കുമോ; | (ബി) മലമ്പുഴ ജലവിഭവ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 10 വാച്ചർമാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. |
| (സി) സാമൂഹ്യവിരുദ്ധരുടെ താവളമായി പ്രസ്തുത കേന്ദ്രം മാറുന്നതിന് കാരണക്കാരായി താൽക്കാലിക നിയമനം ലഭിച്ച വാച്ചർമാരിൽ പലരും പ്രവർത്തിക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം വാച്ചർമാരെ ഒഴിവാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (സി) ഇക്കാര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. താൽക്കാലിക വാച്ചർമാരുടെ പ്രവർത്തനം സംബന്ധിച്ച് പരാതി ലഭിച്ചാൽ ആയത് സംബന്ധിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ